DESPATCHED
On. 14/6/22...



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 162(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.2772/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 8

ശ്രീ. എബ്രഹാം വർഗ്ഗീസ്,
മംഗലത്ത്, ടി.സി.10/540(1),
അഭയനഗർ, ഹൗസ് നമ്പർ 43,
പേരൂർക്കട, തിരുവനന്തപുരം – 695 005. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (ഹെഡ് ക്വാർട്ടേഴ്സ്),
   വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റ്,
   തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
   പോലീസ് സൂപ്രണ്ട് (ഇന്റ്),
   വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റ്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 16.11.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.12.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 30.12.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 1.2.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.2.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 14.2.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21.2.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 8.3.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 7.6..2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി (ഓഡിയോ)<br>ഹാജരായി |

## ഉത്തരവ്

ശ്രീ. എബ്രഹാം വർഗ്ഗീസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിലെ എ മുതൽ ഡി വരെയുള്ള ഇനങ്ങൾക്ക് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവർ നൽകിയ മറുപടി

തൃപ്തികരമല്ലാത്തതാണെന്നും ആയതിനാൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ടിയാൻ 24.8.2021–ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന വിവരങ്ങളാണ്.

എ) വിജിലൻസ് ഡിപ്പാർട്ട്മെന്റ് ടിയാളുടെ പരാതി വിഷയത്തിൽ ഗൂഢാലോചനയുടെ തെളിവുകൾ നൽകിയശേഷം കൈകൊണ്ട നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കണമെന്നും

ബി) നടപടികൾ ഒന്നും തന്നെ കൈക്കൊണ്ടിട്ടില്ല എങ്കിൽ ആയതിന്റെ കാരണങ്ങൾ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കണമെന്നും

സി) പരാതിക്കാരന്റെ പരാതി വ്യാജമാണെന്ന് കരുതിയാണ് നടപടികൾ കൈക്കൊള്ളാത്തതെങ്കിൽ അപ്രകാരം സാക്ഷ്യപ്പെടുത്തിയ കത്ത് ലഭ്യമാക്കണമെന്നും

ഡി) പോക്കുവരവ് ബന്ധപ്പെട്ട റവന്യൂ അധികാരികൾ 8 വർഷമായി തടസ്സപ്പെടുത്തിയതായി കാണാമെന്നും ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ അന്വേഷണത്തിന് വിധേയമായി നടപടി കൈക്കൊള്ളണമെന്നും മറിച്ചാണ് വിജിലൻസ് കണ്ടെത്തലുകൾ എങ്കിൽ സാക്ഷ്യപ്പെടുത്തിയ കത്ത് മേൽ നടപടികൾക്കായി നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 16.12.2021–ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയിൽ ലഭ്യമാക്കിയ വിവരങ്ങൾ അപൂർണ്ണവും ബോധപൂർവ്വം വിവരങ്ങൾ മറച്ചുവയ്ക്കുവാൻ ശ്രമിക്കുന്നവയും തെറ്റിദ്ധാരണ ജനിപ്പിക്കുന്നവയും, വാസ്തവ വിരുദ്ധവുമാണെന്ന് പരാതിപ്പെട്ടുകൊണ്ട് 30.12.2021–ന് നൽകിയ അപ്പീൽ ഹർജി തീർപ്പാക്കി രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 16.11.2021–ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ടിയാൻ 24.8.2021 തീയതിയിൽ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി ക്രമങ്ങൾ തുടങ്ങിയ വിവരങ്ങളാണെന്നും 4.6.2016–ൽ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിലാണ് 24.8.2021 തീയതിയിൽ സമർപ്പിച്ച പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ആയതിനാലാണ് 4.6.20216 തീയതിയിലെ പരാതി വിവരങ്ങൾ കൂടി ഉൾപ്പെടുത്തി മറുപടി നൽകിയതെന്നും പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച കൃത്യമായ വിവരങ്ങളാണ് നൽകിയിട്ടുള്ളതെന്നുമാണ്. കൂടാതെ ഹർജിക്കാരന്റെ പരാതിയിൽ ആരോപണങ്ങളായി ഉന്നയിച്ചിരുന്ന വിഷയം സംബന്ധിച്ച് നെടുമങ്ങാട് സബ് കോടതിയിൽ ഒരു റസ്റ്ററേഷൻ പെറ്റീഷനും (ആർ.പി–20089/2016) ഹൈക്കോടതിയിൽ WP (C) 2933/17 നമ്പറായി മറ്റൊരു ഹർജിയും ഉള്ളതിനാൽ ഹർജിക്കാരന്റെ പരാതിയിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 16.11.2021–ലെ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടിരുന്നത് ടിയാൻ 24.8.2021 തീയതിയിൽ ടി ഓഫീസിൽ നൽകിയ

പരാതിയുമായി ബന്ധപ്പെട്ട് ഗൂഢാലോചനയുടെ തെളിവുകൾ നൽകിയ ശേഷം വിജിലൻസ് ഡിപ്പാർട്ട്മെന്റ് ടി വിഷയത്തിൽ കൈക്കൊണ്ട നടപടി ക്രമങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കണമെന്നും നടപടികൾ ഒന്നും തന്നെ കൈക്കൊണ്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കണമെന്നും മറ്റുമായിരുന്നു എന്നും 4.6.2016-ൽ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിലാണ് 24.8.2021 തീയതിയിൽ സമർപ്പിച്ച പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ആയതിനാലാണ് 4.6.2016 തീയതിയിലെ പരാതി വിവരങ്ങൾ കൂടി മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച കൃത്യമായ വിവരങ്ങളാണ് നൽകിയിട്ടുള്ളതെന്നുമാണ്. കൂടാതെ ഹർജിക്കാരന്റെ പരാതിയിൽ ആരോപണ-ങ്ങളായി ഉന്നയിച്ചിരുന്ന വിഷയം സംബന്ധിച്ച് നെടുമങ്ങാട് സബ് കോടതിയിൽ ഒരു റസ്റ്ററേഷൻ പെറ്റീഷനും (ആർ.പി-20089/2016) ഹൈക്കോടതിയിൽ WP(C) 2933/17 നമ്പറായി ഒരു ഹർജിയും ഉള്ളതിനാൽ ഹർജിക്കാരന്റെ പരാതിയിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നുമാണ്. തുടർന്ന് റവന്യു വകുപ്പിലെ ഉദ്യോഗസ്ഥരുടെ അഴിമതി പുറത്ത് കൊണ്ടു വരുന്നതുമായി ബന്ധപ്പെട്ട് അന്നത്തെ റവന്യു വകുപ്പ് മന്ത്രിയ്ക്ക് ടിയാൻ സമർപ്പിച്ചിരുന്ന 4.6.2016 തീയതിയിലെ പരാതിയിന്മേൽ നാളിതുവരെയായി ഏതെങ്കിലും നടപടി സ്വീകരിച്ചതായി അറിയിച്ചില്ലെന്നും മറ്റും ആരോപിച്ച് നൽകിയ ടിയാന്റെ 31.5.2021 തീയതിയിലെ പരാതി തുടർ നടപടികൾക്കായി സർക്കാരിലെ വിജിലൻസ് വകുപ്പിലേക്ക് 21.6.2021 തീയതിലെ CPSP-1-14645/2021/DVACB നമ്പർ കത്ത് പ്രകാരം അയച്ചിരുന്നുവെന്നും ആയതിനാൽ ടിയാൻ ഇതേ വിഷയവുമായി ബന്ധപ്പെട്ട് 24.8.2021 തീയതിയിൽ സമർപ്പിച്ച പരാതിയും 14.12.2021 തീയതിയിലെ CPSP-1-14645/2021/DVACB നമ്പർ കത്ത് പ്രകാരം സർക്കാരിലെ വിജിലൻസ് വകുപ്പിലേക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നും എസ്.പി.ഐ.ഒ 16.12.2021-ന് ഹർജിക്കാരന് മറുപടി നൽകിയിരുന്നു എന്നും മറ്റുമാണ്.

5. അപ്പീൽ ഹർജി ബന്ധപ്പെട്ട രേഖകൾ നേരിൽ കേട്ട വേളയിൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ബോധിപ്പിച്ച വസ്തുതകൾ എന്നിവ കമ്മീഷൻ വിശദമായി പരിശോധിച്ചു. വിവരാവകാശ നിയമ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ നൽകുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതല. വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ, ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകണമെന്ന ആവശ്യം, സാങ്കൽപ്പിക ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിലും, അപ്പീൽ അപേക്ഷയിലും ഉന്നയിച്ച ചോദ്യങ്ങൾക്ക് ലഭ്യമായ മറുപടി എതിർകക്ഷികൾ നൽകിയിട്ടുള്ളതിനാൽ, എതിർകക്ഷികൾ നൽകിയ മറുപടികളിൽ അപാകതയുള്ളതായി കാണുന്നില്ല.

6. ഹർജിക്കാരന്റെ 4.6.2016-ലെ പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം യൂണിറ്റ് ഓഫീസ് മുഖേന പരിശോധന നടത്തിയതിൽ ടിയാന്റെ വസ്തുവിന്റെ പോക്ക്വരവ് സംബന്ധിച്ച് നെടുമങ്ങാട്, സബ് കോടതിയിൽ RP-20098/16 നമ്പരായി ഒരു റസ്റ്ററേഷൻ പെറ്റീഷനും കേരള

ഹൈക്കോടതിയിൽ WP(C) 2933/17 നമ്പരായി റിട്ട് ഹർജിയും പരിഗണനയിൽ ഇരിക്കുന്നതിനാലാണ് ഹർജിക്കാരന്റെ 24.8.2021-ലെ പരാതിയിലെ വിഷയത്തിൽ പ്രഥമദൃഷ്ട്യാ കേസുണ്ടെന്നതിനാൽ സർക്കാരിലെ വിജിലൻസ് വകുപ്പിലേക്ക് അയച്ചുകൊടുത്തിട്ടുള്ളതെന്ന് കാണുന്നു. എന്നാൽ എതിർകക്ഷികളുടെ ടി നടപടിയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഹർജിക്കാരൻ 24.8.2021-ന് എതിർകക്ഷികൾ മുമ്പാകെ ഹാജരാക്കിയ പരാതിയിലെ വസ്തുതകളുടെയും, തെളിവിന്റെയും വെളിച്ചത്തിൽ ടിയാന്റെ പരാതിയിൽ ഒരു സ്വതന്ത്രമായ അന്വേഷണം/വെരിഫിക്കേഷൻ വിജിലൻസ് തലത്തിൽ നടത്തണമെന്ന് എതിർകക്ഷികളോട് ശുപാർശ ചെയ്തുകൊണ്ട് ഈ അപ്പീൽ തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ ൮-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk